ഉത്തരം

(എ, ബി) തലസ്ഥാന നഗരിയിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഒരു പദ്ധതി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതിലെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

(1) വോൾട്ടേജ്നില മെച്ചപ്പെടുത്തുക.

(2) വൈദ്യുതിയുടെ ഗുണവും, വിശ്വസ്തതയും ഉയർത്തുക.

(3) ഭാവിയിലെ ആവശ്യം പൂർത്തീകരിക്കുക.

(4) എനർജി ആഡിറ്റിംഗ് നടത്തുക.

(5) മുൻകൂട്ടി പണം ഒടുക്കി വൈദ്യുതി ഉപയോഗിക്കുന്ന സമ്പ്രദായം നടപ്പിലാക്കുക.

(6) കിട്ടാനുള്ള റവന്യൂ കാലാകാലങ്ങളിൽ പിരിച്ചെടുക്കുക.

(7) വൈദ്യുതി നഷ്ടം കുറയ്ക്കുക.

(സി) പദ്ധതിയുടെ ഉദ്ദേശ ചെലവ് 163 കോടി രൂപ.

(ഡി, ഇ) പദ്ധതിയുടെ അനുമതി ലഭിച്ചാൽ രണ്ട് വർഷത്തിനകം പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതിയുടെ അധിക ഉൽപാദനം

3 [321] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം അധികമായി ഉൽപാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് അധികമായി വൈദ്യുതി ഉൽപാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ (2004 ഏപ്രിൽ മുതൽ ഡിസംബർ വരെ) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഉൽപാദിപ്പിച്ച വൈദ്യുതിയുടെ അളവിനേക്കാൾ 1791.8771 മില്യൻ യൂണിറ്റ് വൈദ്യുതി അധികമായി ഉൽപാദിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി	അധികമായി ഉൽപാദിപ്പിച്ച വൈദ്യുതി (മില്യൻ യൂണിറ്റ്)
കുറ്റ്യാടി	108.783
പെരിങ്ങൽകുത്ത്	32.5922
പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക്	17.0508
ഷോളയാർ	55.5755
ഇടമല്യാർ	174.7739
പള്ളിവാസൽ	13.0909
ചെങ്കുളം	27.613
പന്നിയാർ	55.967
നേര്യമംഗലം	17.136
ലോവർപെരിയാർ	132.528
ഇടുക്കി	480.826
ശബരിഗിരി	519.33
കക്കാട്	81.766
കല്ലട	39.4237
പേപ്പാറ	2.515
മാട്ടുപ്പെട്ടി	1.8482
ചെമ്പുക്കടവ്	4.123
മലമ്പുഴ	2.3624
ഉറുമി	1.5172
മണിയാർ	12.2411
കുത്തുങ്കൽ	10.8143
	1791.8771

കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഗ്രാമീണ വൈദ്യുത പദ്ധതികൾ

4 [322] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ വൈദ്യുത പദ്ധതി പ്രകാരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly